**66 (3531) ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി**

ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങളിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഇതിലെ തൊഴിലാളി പ്രതിനിധികൾ ഏതെല്ലാം തൊഴിലാളി സംഘടനകളെയാണ് പ്രതിനിധീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ടെക്സ്റ്റയിൽമേഖലയിലും, കായംകുളം താപവൈദ്യുത പദ്ധതിപ്രദേശത്തും, ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഇതിനുംപുറമേ കയർ, കശുവണ്ടി, മദ്യം, കള്ളുചെത്ത്, മോട്ടോർ നിർമ്മാണത്തൊഴിലാളി, ടിമ്പർ-പ്ലൈവുഡ്, തീപ്പെട്ടി, ഓട് വ്യവസായം, തോട്ടം മേഖല, കൂട്ടനാട്, പാലക്കാട് കാർഷികമേഖലകൾ, പൊതുവിതരണ സമ്പ്രദായം, ബീഡി-സിഗാർ എന്നീ വ്യവസായമേഖലകളിൽ പ്രവർത്തിക്കുന്ന ഐ.ആർ.സി. കളുടെ കാലാവധി കഴിഞ്ഞതിനാൽ പുനഃസംഘടനയ്ക്കുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഇപ്പോൾ നിലവിലുള്ള ടെക്സ്റ്റയിൽ ഐ.ആർ.സി യിലെയും, കായംകുളം താപവൈദ്യുതപ്രദേശത്ത് പ്രവർത്തിക്കുന്ന ഐ.ആർ.സി യിലേയും അംഗങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടെക്സ്റ്റയിൽ ഐ.ആർ.സിയിലെ ട്രേഡ് യൂണിയൻ മെമ്പർമാർ, സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., യു.ടി.യുസി., എ.ഐ.റ്റി.യു.സി., ബി.എം.എസ്., എച്ച്. എം. എസ്., എസ്.ടി.യു. എന്നീ സംഘടനകളെ പ്രതിനിധീകരിക്കുന്നു. കായംകുളം താപവൈദ്യുതനിലയം പ്രോജക്ട് മേഖലയിലെ ഐ.ആർ.സി.യിലെ തൊഴിലാളി യൂണിയൻ മെമ്പർമാർ, സി.ഐ.ടി.യു., യു.ടി.യു.സി., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി എന്നീ സംഘടനകളെ പ്രതിനിധീകരിക്കുന്നു.

**67 (3533) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ**

ശ്രീ കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര രജിസ്റ്റർഡ് ട്രേഡ് യൂണിയനുകളുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിലെല്ലാംകൂടി എത്ര അംഗങ്ങളുണ്ട്;

(സി) ഓരോ കേന്ദ്ര തൊഴിലാളി സംഘടനയ്ക്കും സംസ്ഥാനത്ത് എത്ര അംഗങ്ങൾവീതം ഉണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1999 ജൂലൈ 15 വരെ 10,849 രജിസ്ട്രേഡ് ട്രേഡ് യൂണിയനുകളുണ്ട്.

(ബി) 1998 വരെ ലഭിച്ചിട്ടുള്ള കണക്കുപ്രകാരം 5,71,804 അംഗസംഖ്യകളുണ്ട്.

(സി) ഇന്ത്യൻ ട്രേഡ് യൂണിയൻ ആക്ട് പ്രകാരം ഇത്തരത്തിലുള്ള കണക്കെടുപ്പ് ആവശ്യമില്ലാത്തതിനാൽ ഓരോ കേന്ദ്രതൊഴിലാളി സംഘടനയുടേയും സംഖ്യാബലം തിട്ടപ്പെടുത്തിയിട്ടില്ല.

**68 (3534) രജിസ്റ്റർ ചെയ്തിട്ടുള്ള ട്രേഡ് യൂണിയനുകൾ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; 1998 ഡിസംബർ 31 വരെ എത്ര; 1999-ൽ എത്ര പുതിയ യൂണിയനുകൾക്ക് രജിസ്ട്രേഷൻ കൊടുത്തിട്ടുണ്ട്;

(ബി) ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്; ഈ നടപടിക്രമങ്ങളിൽ പുതുതായി എന്തെങ്കിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ട്രേഡ് യൂണിയൻ രജിസ്ട്രേഷനുള്ള ഫീസ് എത്രയാണ്; ഈ ഫീസിൽ പുതിയതായി വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര; ഈ വർദ്ധനവിന് എന്താണ് കാരണം;

(ഡി) രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചത് പുതിയ തൊഴിലാളി യൂണിയനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് തടസ്സം ഉണ്ടാക്കുന്നു എന്ന് കണക്കിലെടുത്ത് വർദ്ധനവ് ഉപേക്ഷിക്കുമോ;

(ഇ) വാർഷിക റിട്ടേൺസ് അയക്കുന്നതിന് എന്തെങ്കിലും പുതിയ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 10,849 ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് 1998 ഡിസംബർ 31 വരെ 10,775 എണ്ണത്തിനും 1999-ൽ ജൂലൈ വരെ 76 യൂണിയനുകൾക്കും രജിസ്ട്രേഷൻ കൊടുത്തിട്ടുണ്ട്.

(ബി) ഒരു ട്രേഡ് യൂണിയൻ രൂപീകരിക്കാനുദ്ദേശിക്കുന്നവർ പൊതുയോഗം ചേർന്ന് നിർദ്ദിഷ്ടമായപേരിലും വിലാസത്തിലും ഒരു യൂണിയൻ രൂപീകരിക്കുവാൻ തീരുമാനിക്കുന്ന പ്രമേയം പാസ്സാക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. ബന്ധപ്പെട്ട ട്രേഡിൽ അഥവാ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന ഏഴ് അപേക്ഷകരെ തെരഞ്ഞെടുത്തുകൊണ്ടുള്ള മറ്റൊരു പ്രമേയവും ഇന്ത്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച വ്യവസായത്തിലെ അച്ചടക്ക സംഹിത

LIBRARY ARCHIVES Kerala Legislative Assembly